01

# എഴുത്തുകാരന്റെ പ്രശ്നങ്ങൾ

കേരളസാഹിത്യസമിതിയുടെ
തലശ്ശേരി ക്യാമ്പിൽ അവതരിപ്പിക്കുന്ന
ആമുഖപ്രബന്ധം

എൻ. വി. കൃഷ്ണവാരിയർ.

ലക്ഷ്മി പ്രിൻടിംഗ് ഹൌസ്, കോഴിക്കോട്-2.

# എഴുത്തുകാരന്റെ പ്രശ്നങ്ങൾ

## എൻ. വി. കൃഷ്ണവാരിയർ

കേരള സാഹിത്യസമിതി ഇതിന്നു മുമ്പു സംഘടിപ്പിച്ച എഴുത്തുകാരുടെ വാർഷിക ക്യാമ്പുകളിൽ പ്രധാനമായി ചർച്ച ചെയ്യപ്പെട്ടതു് സാഹിത്യകലയുടെ സാങ്കേതിക പ്രശ്നങ്ങളായിരുന്നു. ചെറുകഥ, കവിത, നോവൽ, നാടകം എന്നീ സാഹിത്യരൂപങ്ങളോടു് പ്രത്യേകമായും മററു സാഹിത്യരൂപങ്ങളോടു് സാമാന്യമായും ബന്ധപ്പെട്ട സാങ്കേതിക കാര്യങ്ങൾ—പാത്രസൃഷ്ടി, സംഭാഷണം, അന്തരീക്ഷസൃഷ്ടി, വൃത്തം, അലങ്കാരം, രസം, ധ്വനി, സംഘട്ടനം, മൂർദ്ധന്യം, അവതരണം, പ്രദർശനം അങ്ങിനെ നൂറുകൂട്ടം വിഷയങ്ങൾ—എഴുത്തുകാരുടെ വീക്ഷണത്തിലൂടെ നോക്കിക്കണ്ടു് അഴിച്ചു കൂട്ടി പഠിയ്ക്കാനുള്ള ശ്രമങ്ങളാണു് ഈ ക്യാമ്പുകളിൽ മുഖ്യമായും നടന്നതു്.

ഈയാണ്ടിലെ ക്യാമ്പിലെ ചർച്ചകളുടെയും വീക്ഷണകോണം എഴുത്തുകാരുടേതുതന്നെയായിരിക്കണമെന്നു് ഞങ്ങൾ ആഗ്രഹിയ്ക്കുന്നു. എന്നാൽ ഇത്തവണ ഈ കോണിൽ നിന്നു നോക്കിക്കാണുന്ന വിഷയങ്ങൾ സാഹിത്യ സങ്കേതപരങ്ങളല്ല. ചുററുമുള്ള ജീവിതത്തിൽനിന്നു് നാമെടുക്കുകയും, ജീവിതത്തിൽ പ്രതികരണമുണ്ടാക്കുകയുംചെയ്യുന്ന ഒരു

മനുഷ്യവ്യാപാരമാണല്ലോ സാഹിത്യം. ഇന്നത്തെ കേരളത്തിലെ ഒരെഴുത്തുകാരന്റെ ചുറ്റുമുള്ള ജീവിതത്തിന്റെ സവിശേഷതകൾ എന്താണ്? ഈ ജീവിതത്തിന്ന് മൊത്തത്തിൽ തിരിച്ചറിയാവുന്ന വല്ല പാറ്റേണുമുണ്ടോ? ഏറെക്കുറെ നിർണ്ണയിക്കാവുന്ന ഒരു ലക്ഷ്യത്തിലേക്ക് അതു് തട്ടിയും തടഞ്ഞും നീങ്ങിക്കൊണ്ടിരിക്കുകയാണോ? ആണെങ്കിൽ ആ നീക്കത്തെ ഉൽപ്രേരിപ്പിയ്ക്കുകയും തടസ്സപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്ന ശക്തികൾ ഏതെല്ലാമാണ്? ജീവിതത്തിന്റെ ഈ ഗതി, അല്ലെങ്കിൽ ഗതിരോധം, എഴുത്തുകാരന്റെ വീക്ഷണത്തിൽ വല്ല സ്വാധീനവും ചെലുത്തുന്നുണ്ടോ? ചെലുത്തേണ്ടതുണ്ടോ? അതിൻഫലമായി സാഹിത്യത്തിന്റെ ഭാവത്തിലും രൂപത്തിലും വല്ല പരിവർത്തനങ്ങളും വന്നുകൊണ്ടിരിയ്ക്കുന്നുണ്ടോ? വരേണ്ടതുണ്ടോ? ഇന്നത്തെ സാഹിത്യം ജീവിതത്തിൽ വരുത്തിത്തീർക്കേണ്ട പ്രതികരണം ഏതുവിധത്തിലുള്ളതാണ്? ഏതാണ്ട് ഈ തരത്തിലുള്ള ഒരു ചർച്ചയാണ് ഞങ്ങൾ ഈയാണ്ടിൽ ഉദ്ദേശിക്കുന്നതു്. സാഹിത്യത്തിന്റെ ദാർശനിക പ്രശ്നങ്ങൾ എന്ന്, വേണമെങ്കിൽ, ഈ വിഷയത്തെ കുറച്ചുകൂടി വ്യക്തമായി നമുക്കു വിളിയ്ക്കാം. ഈ തരത്തിലുള്ള പഠനങ്ങൾ എഴുത്തുകാരെസ്സംബന്ധിച്ചിടത്തോളം അത്യന്തം പ്രയോജനകരങ്ങളായിരിക്കുമെന്നതിൽ യാതൊരു സംശയവുമില്ല. വീടുണ്ടാക്കുന്ന മൂത്താശാരി തച്ചുശാസ്ത്രം പഠിച്ചിരിക്കണം; മരവും കല്ലും കുമ്മായവും സിമന്റും മറ്റും ഉപയോഗപ്പെടുത്തുന്ന പ്രായോഗിക സമ്പ്രദായങ്ങളും അയാൾ നല്ലപോലെ അറിഞ്ഞിരിക്കണം. അതോടൊപ്പം തന്നെ, താൻ നിർമ്മിക്കുന്ന വീട്ടിൽ പുലരാനിരിയ്ക്കുന്ന ആളുകളുടെ ജീവിതസമ്പ്രദായങ്ങളെയും സ്വഭാവസവിശേഷതകളെയും കുറിച്ചുള്ള പൊതുവായ ബോധംകൂടി അയാൾക്കു് ഉണ്ടായാലേ വീടു് വാസയോഗ്യമായിരിയ്ക്കു. വീടിനെസ്സംബന്ധിച്ച പ്രസക്തമായതു് സാഹിത്യകലയെസ്സംബന്ധി



ച്ചിടത്തോളം കൂടുതൽ പ്രസക്തമാകുന്നു. കാരണം, ഇവിടെ ഉപാദാനവും ലക്ഷ്യവും ഭിന്നമല്ല, ഏകമത്രേ. അതായതു്, ജീവിതമാണ് സാഹിത്യകലയുടെ ഉപാദാനം; കൂടുതൽ മെച്ചപ്പെട്ട ജീവിതമാണ് അതിന്റെ ലക്ഷ്യം. അതിനാൽ ജീവിതത്തെ അപഗ്രഥിച്ച് മനസ്സിലാക്കുവാനുള്ള സതത പ്രയത്നം ഗൌരവബോധമുള്ള സാഹിത്യകാരന്റെ സ്വഭാവമായിത്തീരുക തന്നെ വേണം

## എന്താണ് ജീവിതം?

എഴുത്തുകാരൻ കാണുന്ന, എടുത്തു പെരുമാറുന്ന, സൃഷ്ടിക്കുന്ന, പ്രതികരണം ഉളവാക്കുന്ന, നന്നാക്കുന്ന, ഉയർത്തുന്ന ജീവിതം എന്താണ്? സമുദായത്തിലെ വ്യക്തിയാണ് എഴുത്തുകാരന്റെ ശരവ്യും ശരവ്യവും എന്നു ചുരുക്കിപ്പറയാം. ലോകത്തിൽ മുന്നൂററിമുപ്പതു കോടി മനുഷ്യരുണ്ടെങ്കിൽ, അവർ ഓരോരുത്തരും പരസ്പരം വിഭിന്നരാണ്. ഒരേ ചുററുപാടിൽ, രണ്ടു വ്യക്തികളുടെ പ്രതികരണം തികച്ചും വ്യത്യസ്തമായ രണ്ടു വിധത്തിലായിരിക്കും. അതിനാൽ വ്യക്തിയെ പഠിയ്ക്കുക പ്രയാസമാകുന്നു. എങ്കിലും വ്യക്തിപഠനത്തിന്നുള്ള പണിക്കോപ്പുകൾ ചിലതൊക്കെ നമ്മുടെ കൈവശമില്ലാതില്ല. മനശ്ശാസ്ത്രമാണ് വ്യക്തിപഠനത്തിന്നുള്ള ഒരു ടൂൾ. വ്യക്തിയുമായി ഭാവനയിലൂടെ സ്ഥാപിക്കുന്ന രാഗാത്മകബന്ധവും, അതിൻഫലമായി എഴുത്തുകാരന്നു കൈവരുന്ന സഹജദർശന (Intiution) വുമാണ് ഇതിന്നുള്ള മറെറാരു ഉപാധി. വ്യക്തിപഠനത്തിന്ന് വേറെയും മാർഗ്ഗങ്ങളുണ്ടാവാം. ഏതായാലും, വ്യക്തിപഠനത്തിൽ എഴുത്തുകാരന്നു് ഒട്ടൊക്കെ പിഴ പററിയാലും വലിയ തരക്കേടുണ്ടാവാനില്ല. ഓരോ വ്യക്തിയും മറേറാരോ വ്യക്തിയിലുംനിന്നു് തികച്ചും ഭിന്നനാകയാൽ, എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തി മനശ്ശാസ്ത്രത്തിന്റെ നിയമങ്ങൾക്കു് അപവാദമായിപ്പോയാൽത്ത

ന്നെ അതിൽ തെററില്ല. വായനക്കാരന്റെ വിശ്വാസത്തെ വിധ്വംസിക്കുന്നവിധത്തിലുള്ള വൈരുധ്യങ്ങളും വികല്പങ്ങളും എഴുത്തുകാരൻ സൃഷ്ടിക്കുന്ന വ്യക്തികളുടെ പെരുമാററത്തിൽ ഉണ്ടാവരുതെന്നേയുള്ളൂ. വായനക്കാരന്റെ പ്രതീതിഖണ്ഡനമേ എഴുത്തുകാരനെ മഹാപാപിയാക്കുകയുള്ളൂ.

എന്നാൽ, വ്യക്തി ജീവിക്കുന്ന സമുദായത്തിന്റെ സ്ഥിതി അതല്ല. വിഭിന്നരായ വ്യക്തികളുടെ ആകത്തുകയാണ് സമുദായമെങ്കിൽക്കൂടി, അതിലടങ്ങിയ വ്യക്തികളുടെ സംഖ്യാബാഹുല്യം നിമിത്തം, പ്രതിനിയതമായ ഒരു രൂപവും സ്വഭാവവും സമുദായത്തിന്ന് അതാതു കാലത്ത് കൈവരുന്നുണ്ട്. ഇതു കാരണം സമുദായത്തിന്റെ ഗതി ഒട്ടൊക്കെ പ്രവചനവിധേയവുമാണ്. വ്യക്തിപഠനത്തിന്നു വേണ്ടി നിർമ്മിക്കപ്പെട്ടിട്ടുള്ളവയേക്കാൾ മൂർച്ചയും കണിശവുമേറിയ പണിക്കോപ്പുകൾ സമുദായപഠനത്തിന്നുവേണ്ടി നിർമ്മിക്കപ്പെട്ടിട്ടുണ്ട്. എങ്കിലും, ഈ ടൂളുകൾ കൈവശമാകുന്നതുകൊണ്ടുമാത്രം സമുദായപഠനം പൂർത്തിയാകുന്നില്ല. സമുദായമെന്ന യാഥാർത്ഥ്യം സതതപ്രവാഹശീലവും അനുക്ഷണപരിണാമിയുമാണ്. ഈ യാഥാർത്ഥ്യത്തെ ഒരു നദിയോടുപമിച്ചാൽ, അതു തുലോം അപൂർണ്ണമായ ഒരു ഉപമയായിരിക്കും. നദിയുടെ പ്രവാഹം ഒരൊററ തലത്തിലാണ്; അതിനെ നിയന്ത്രിക്കുന്ന ഭൌതികശക്തികൾ ഏറക്കുറെ അളന്നു തിട്ടപ്പെടുത്താവുന്നവയും. സമുദായമാകട്ടെ, ഒഴുകുന്നത് എത്രയോ വ്യത്യസ്തതലങ്ങളിലൂടെയാകുന്നു. ആധ്യാത്മികം, ബുദ്ധിപരം, മാനസികം, ഭൌതികം എന്നും മററും ഈ തലങ്ങളെ ലേബലൊട്ടിച്ചു വകതിരിക്കാറുണ്ടെങ്കിലും, ഈ തരംതിരിവിന്നൊന്നും വലിയ അർത്ഥമില്ല. ജീവിതത്തിന്റെ ഈ ഓരോ തലത്തിലും പ്രവർത്തിച്ച് പ്രതികരണം സൃഷ്ടിക്കുന്ന ശക്തികളാകട്ടെ ഇനിയും വളരെയധികം പഠിക്കപ്പെടാനിരിക്കുന്നതേ ഉള്ളൂ. അതിനാൽ, കിട്ടിയ ഉപകരണങ്ങൾവെച്ച്



ജീവിതത്തെ നിരന്തരം നിരീക്ഷിക്കുകയും അപഗ്രഥിക്കുകയും പഠിക്കുകയും ചില നിഷ്കർഷകളിലെത്തുകയും അവയെ പുതിയ പഠനങ്ങളുടെ വെളിച്ചത്തിൽ തിരുത്താൻ എന്നും തയ്യാറായിരിക്കുകയുമാണ് എഴുത്തുകാരന്നു കരണീയമായിട്ടുള്ളത്.

നാം നിരീക്ഷിക്കുന്ന ജീവിതം, സ്വാഭാവികമായി, നമ്മുടെ ചുററുപാടുമുള്ളതാണ്. (ഈ ജീവിതത്തിന്ന് നിരീക്ഷക (വിഷയി) നിരപേക്ഷമായി, ബാഹ്യമായ ഒരു സത്തകൂടി ഉണ്ടെന്നുള്ളതിന്നു സംശയമില്ല.) നിരീക്ഷിക്കപ്പെടുന്ന ചുററുപാടുകളുടെ അതിരുകൾ വലുതായിത്തീരുന്നതിന്റെ ചരിത്രമത്രെ സഭ്യതയുടെ (സംസ്കാരത്തിന്റെ) ചരിത്രം. അച്ചടി, ഫോട്ടോഗ്രാഫി, ശബ്ദലേഖനം, (പത്രം, സിനിമ, റേഡിയോ, ടെലിവിഷൻ) മുതലായവയിൽ വന്ന വിപ്ലവകരമായ പരിവർത്തനങ്ങളുടെയും വിദ്യാഭ്യാസപ്രചാരത്തിന്റെയും ഫലമായി, മുമ്പു പറഞ്ഞ അതിരുകൾ ഇന്ന് ഏറക്കുറെ തേഞ്ഞുമാഞ്ഞുപോവുകയും, "വസുധൈവകുടുംബകം" എന്ന പ്രാചീനസങ്കല്പം മിക്കവാറും യാഥാർത്ഥ്യമായിത്തീരുകയും ചെയ്തിട്ടുണ്ട്. വിജ്ഞാനത്തിന്റെ പൊട്ടിത്തെറിയാണ് ആധുനികകാലത്തിന്റെ മുഖ്യ സവിശേഷത. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലെ ഗവേഷണാലയങ്ങളിൽ നടക്കുന്ന ഗവേഷണങ്ങളുടെ ഫലങ്ങൾ പ്രസിദ്ധം ചെയ്യുന്നതുതന്നെ ഇപ്പോൾ ആണ്ടിൽ ഇരുപത്തഞ്ചുകോടി പേജോളം വരുമത്രേ. ആലോചിച്ചാൽ തലചുററിക്കുന്ന ഈ അറിവത്രയും—രഹസ്യമായി സൂക്ഷിക്കുന്ന വളരെക്കുറച്ച് കാര്യങ്ങളൊഴിച്ചാൽ—ഇന്ന് ആർക്കു വേണമെങ്കിലും, എപ്പോൾ വേണമെങ്കിലും ചെന്നെടുത്ത് സ്വായത്തമാക്കാം. സയൻസിന്റെ നില ഇതാണെങ്കിൽ, സാഹിത്യം, കല, ദർശനം (തത്വശാസ്ത്രം) മുതലായവയുടെ സ്ഥിതിയും വ്യത്യസ്തമല്ല. മുമ്പ് ദുർല്ലഭ്യങ്ങളായി ഗണിക്കപ്പെട്ടിരുന്ന ഭാഷകളുടെ

മതിലുകൾ ഇന്നു മിക്കവാറും ഇടിഞ്ഞുതകർന്നിരിക്കുന്നു. ലോകഭാഷകളെന്നു ഗണിക്കപ്പെടുന്ന ഇംഗ്ലീഷ്, റഷ്യൻ, ഫ്രഞ്ച്, ജർമ്മൻ, സ്പാനിഷ് എന്നിവയിലേക്കു മാത്രമല്ല, ചൈനീസ്, ജാപ്പനീസ് മുതലായ ഭാഷകളിലേക്കും ലോകത്തിലെ പ്രധാനപ്പെട്ട ഇരുനൂറിൽപ്പരം ഭാഷകളിലുണ്ടാവുന്ന ഉത്തമ ഗ്രന്ഥങ്ങൾ ഇന്നു ഉടനുടൻ വിവർത്തനം ചെയ്യപ്പെടുന്നുണ്ട്. ഏതാനും കൊല്ലത്തിനകം ഇന്ത്യയിലെ പ്രധാന ഭാഷകളുടെ കാര്യത്തിലും ഇതുതന്നെ സംഭവിച്ചുകൂടായ്കയില്ല. ഭാഷാനിരപേക്ഷങ്ങളായ സംഗീതം, ചിത്രകല, വാസ്തുശില്പം മുതലായവയാകട്ടെ ഇന്നു ഭൂമിയിൽ ഏതു ഭാഗത്തുമുള്ളവരുടേയും പൊതുസ്വത്തായിക്കഴിഞ്ഞിട്ടുമുണ്ട്.

എഴുത്തുകാരന്റെ ബോധമണ്ഡലത്തിലുള്ള ജീവിതത്തിന്റെ വലിയൊരു മേഖല — ആദ്ധ്യാത്മികം, മാനസികം, ബുദ്ധിപരം എന്നെല്ലാം പറയപ്പെടുന്നതു — ഇപ്പറഞ്ഞ വിജ്ഞാനം, സാഹിത്യകലകൾ, തത്വശാസ്ത്രം എന്നിവയെ ആശ്ലേഷിക്കുന്നതാണ്. ഈ മേഖലയെപ്പററിയുള്ള അവബോധം എഴുത്തുകാരനിൽ എത്രയ്ക്കെത്രയ്ക്കു ഗാഢതരമായിത്തീരുന്നുവോ, അത്രയ്ക്കത്രയ്ക്കു അയാളുടെ രചനകൾ അഗാധതരങ്ങളും അർത്ഥവത്തരങ്ങളുമായിത്തീരുന്നു. അതിനാൽ ലോകവിജ്ഞാനം, ലോകസാഹിത്യം, ലോകകല, ലോകദർശനങ്ങൾ എന്നിവയെപ്പററി നാം കൂടുതൽക്കൂടുതൽ മനസ്സിലാക്കേണ്ടിയിരിക്കുന്നു. മനസ്സിലാക്കുന്നതു ഏകാംഗീണവും വികലവുമാകാതെ പോകുന്നതിന്നുവേണ്ടി, ഇവയുടെ സാമാന്യ പരിപ്രേക്ഷ്യം നേടുകയെന്നതു അനുപേക്ഷണീയമാകുന്നു.

## വളരുന്ന വിജ്ഞാനം

വിജ്ഞാന (സയൻസ്) മണ്ഡലത്തിൽ അടുത്തകാലത്തുണ്ടായിത്തീർന്നിട്ടുള്ള ഒരു പരിവർത്തനം, മുമ്പ് വിജ്ഞാനബാ



ഹ്യമെന്നു കരുതപ്പെട്ടിരുന്ന പലതും വിജ്ഞാനത്തിന്റെ ഉചിതവിഷയങ്ങളായി പരിഗണിക്കപ്പെട്ടുതുടങ്ങിയിട്ടുണ്ടെന്നതാണ്. ധനശാസ്ത്രം, രാഷ്ട്രതന്ത്രം, സാമൂഹ്യശാസ്ത്രം, വ്യവസായബന്ധങ്ങൾ മുതലായവ ഇന്നു ഫിസിക്സും കെമിസ്ട്രിയും ബയോളജിയും പോലെതന്നെ അന്തസ്സുററ ശാസ്ത്രവിഭാഗങ്ങളായിത്തീർന്നിട്ടുണ്ട്. ശാരീരികശക്തിയുടെ സ്ഥാനത്തു യാന്ത്രികശക്തി ഉപയോഗപ്പെടുത്തിത്തുടങ്ങിയതാണല്ലോ വ്യവസായവിപ്ലവത്തിന്റെ പ്രാധാന്യം. മസ്തിഷ്കശക്തിയുടെ സ്ഥാനത്തുകൂടി യാന്ത്രികശക്തി ഉപയോഗപ്പെടുത്തിത്തുടങ്ങിയിട്ടുണ്ടെന്നതാണ് ഈ ദശാബ്ദത്തിന്റെ വിപ്ലവകരമായ സവിശേഷതയെന്നു കരുതുന്നവർ കുറവല്ല. ഈ "കമ്പ്യൂട്ടർ വിപ്ലവം" കാരണം, വിജ്ഞാനത്തിന്റെ ഒരു ശാഖയിലുമുണ്ടാവുന്ന നേട്ടം ഉടനുടൻ മററെല്ലാ ശാഖകളിലും ഏറിയും കുറഞ്ഞും പ്രയോഗിക്കാമെന്നു വന്നിട്ടുണ്ട്. പത്തു കൊല്ലം കഴിഞ്ഞാൽ മനുഷ്യവർഗ്ഗത്തിന്റെ നില എന്തായിരിക്കുമെന്നു പ്രവചിക്കാൻ പ്രയാസമായിരിക്കുന്നു എന്നതാണ് ഇതിന്റെ ഒരുഫലം. മനുഷ്യവർഗ്ഗത്തിൽനിന്നു രോഗം, ദാരിദ്ര്യം, യുദ്ധം, ക്ഷാമം മുതലായവ ഏറക്കുറെ നിർമ്മൂലനം ചെയ്യാനും സുഖത്തിന്റെ വ്യാപ്തി പരമാവധി വികസിപ്പിക്കാനുമുള്ള സൌകര്യങ്ങൾ ഇപ്പോൾത്തന്നെ ഉണ്ടായിക്കഴിഞ്ഞിട്ടുണ്ട്. അതേ സമയംതന്നെ, മനുഷ്യവർഗ്ഗത്തെ ഭൂമുഖത്തുനിന്നു തുടച്ചുനീക്കുന്നതിന്നുള്ള സാധ്യതകളും ഇല്ലായ്കയില്ല. അമേരിക്കയുടെ കയ്യിൽ മാത്രമുണ്ടത്രേ അയ്യായിരം അണ്വായുധങ്ങൾ. അവസാനത്തെമനുഷ്യനെ കൊന്നുകളഞ്ഞശേഷം, പിന്നേയും വളരെ നേരത്തേക്കു മരണത്തിന്റെ തീയും പുകയും ചാരവും വർഷിച്ചുകൊണ്ടിരിക്കാൻ ഇവ ധാരാളം മതിയാവും. അണ്വായുധങ്ങൾ പ്രയോഗിച്ചു കുറിക്കുകൊള്ളിക്കാനാവശ്യമായ ബോംബർ വിമാനങ്ങളും മിസൈലുകളും മുങ്ങിക്കപ്പലുകളും വേണ്ടത്ര തയ്യാറായി എപ്പോഴും നിലകൊള്ളുന്നുണ്ട്. ഇക്ക

ഴിഞ്ഞ ആറുവർഷങ്ങളിൽ ആയുധങ്ങൾക്കായി അമേരിക്ക ചിലവാക്കിയ തുക രണ്ടാംലോകമഹായുദ്ധത്തിൽ പങ്കെടുത്ത എല്ലാ രാജ്യങ്ങൾക്കും ആകെവന്ന ചിലവിനേക്കാളധികമാകുന്നു. ഇതു് അമേരിക്കയുടെ മാത്രം കഥ. മറുവശത്തു് റഷ്യയുണ്ടു്. ചൈന, ഇന്ത്യ, പാകിസ്ഥാൻ മുതലായ മററുപല രാജ്യങ്ങളുമുണ്ടു്; അവയുടെ നിസ്സാരങ്ങളല്ലാത്ത ആയുധസംഭാരങ്ങളുമുണ്ടു്.

## യുദ്ധഭീഷണി

യുദ്ധം ഇന്നും മനുഷ്യവർഗ്ഗത്തിന്റെ മുഖ്യഭീഷണിയാകുന്നു. യുദ്ധത്തോടുള്ള നമ്മുടെ നിലപാടിൽ അടുത്തകാലത്തായി ഒരു മൌലികപരിവർത്തനം വന്നിരിയ്ക്കുന്നു എന്നതു് ഈ ഭീഷണിയുടെ കടുപ്പം വർദ്ധിപ്പിയ്ക്കുന്നു. മുമ്പൊക്കെ ഒരു യുദ്ധം കഴിഞ്ഞാൽ "ഇത്ര ചതുരശ്രമൈൽ പിടിച്ചെടുത്തു" എന്ന അവകാശവാദമാണു് കേൾക്കാറ്. ഇപ്പോൾ വിയററ്നാമിൽ നടക്കുന്ന യുദ്ധത്തിൽ ഇങ്ങിനെ ഒരവകാശവാദം കേൾക്കാറില്ല; പകരം "ഇത്രപേരെ കൊന്നൊടുക്കി" എന്നായിട്ടുണ്ടു് അവകാശവാദം. ഭാവിയിലെ യുദ്ധങ്ങളിലും, ഭൂപ്രദേശം പിടിച്ചടക്കുന്നതിലാവില്ല, എതിരാളികളെ കൊന്നൊടുക്കുന്നതിലായിരിയ്ക്കും ഊന്നൽ എന്നുകരുതാം. പഴയതരം കൊളോണിയലിസത്തിന്നു് ഇനിമേൽ പ്രസക്തിയില്ല. യുദ്ധങ്ങളുടെ പ്രകടമായ കാരണം രാഷ്ട്രീയതത്വമീമാംസകളുടെ പരസ്പരോപമർദ്ദത്വരയായിത്തീന്നിട്ടുള്ളതിന്റെ ഒരു പ്രധാന ഫലമാണു് യുദ്ധത്തിന്റെ സ്വഭാവത്തിൽവന്ന ഈ മാററം. മനുഷ്യന്നു് മനുഷ്യനോടു് മൊത്തത്തിൽ സഹാനുഭൂതി നഷ്ടപ്പെടുകയാണു്. ഒരുഭാഗത്തു് ജാതി–മത–വർഗ്ഗ–രാഷ്ട്രചിന്തകൾക്കു് ഇഴക്കം കുറഞ്ഞുവരുമ്പോൾ മറുഭാഗത്തു് രാഷ്ട്രീയതത്വശാസ്ത്രാധിഷ്ഠിതമായ വൈരത്തിന്നും, തൽഫലമായ ഹൃദയശിലീഭാവത്തിന്നും കടുപ്പം കൂടിയും വരുന്നു. മറെറാരു ലോകയുദ്ധം അനിവാര്യമാണെന്ന വിചാരം ഇന്നു് ലോക



ത്തിലൊട്ടാകെ പരന്നിട്ടുണ്ടു്. സമാധാനപ്രസ്ഥാനം ഇന്നു് ഒരു ഭൂതകാലസ്മരണയായിക്കഴിഞ്ഞിരിയ്ക്കുന്നു. ഐക്യരാഷ്ട്രസംഘടന ഒരു ഒഴിഞ്ഞ തൊണ്ടുമാത്രമായിരിയ്ക്കുന്നു.

യുദ്ധം അനിവാര്യമെന്ന ബോധത്തിന്റെ ഏററവും വാചാലരായ വക്താക്കൾ ഇന്നു് ചൈനക്കാരാകുന്നു. ബഹുജനങ്ങളുടെ തിളച്ചുമറിയുന്ന വിപ്ലവാവേശത്തെ കർമ്മരംഗത്തേയ്ക്കിറക്കുന്ന എന്നതാണു് ചൈനീസ് കമ്യൂണിസത്തിന്റെ മെച്ചം. ക്യാപ്പിററലിസത്തിന്നു കീഴിലും കമ്യൂണിസത്തിന്നു കീഴിലും ഒരുപോലെ നിലവിലുള്ള ബ്യൂറോക്രാററിക്കു് സമ്പ്രദായത്തോടും തൽഫലമായി കൂട്ടംകൂടിവരുന്ന അനീതികളോടും പൊരുതുവാനാഗ്രഹിയ്ക്കുന്ന ആദർശശാലികളെ ചൈനീസ് കമ്യൂണിസം ആകർഷിയ്ക്കാതിരിക്കയില്ല. ഏതു രാജ്യത്തും ചൈനീസ് ചിന്താഗതിക്കാർ ഇന്നുണ്ടു്. കാലക്രമത്തിൽ റഷ്യൻ കമ്യൂണിസം പടിഞ്ഞാറൻ യൂറോപ്പിലെ സാമ്പത്തിക സാമൂഹ്യവ്യവസ്ഥിതിയുമായി, ഇരുപററുമുള്ള പരിവർത്തനങ്ങളുടെ ഫലമായി, ഏകീഭവിയ്ക്കുകയും പിന്നീടു് സമരം റഷ്യൻ–അമേരിക്കൻ നേതൃത്വത്തിലുള്ള വികസിത രാഷ്ട്രങ്ങളും ചൈനീസ് നേതൃത്വത്തിലുള്ള അവികസിതരാഷ്ട്രങ്ങളും തമ്മിലാവുകയും ചെയ്യേയ്ക്കാമെന്നു വിശ്വസിക്കുന്നവർ ഇന്നു് കുറവല്ല. അതിനാൽ, മുതലാളിത്തത്തിന്റെയെന്നപോലെ, കമ്യൂണിസത്തിലെ വലതു്–ഇടതു് ചിന്താഗതികളുടേയും വളർച്ച നമ്മുടെ സശ്രദ്ധപഠനമർഹിക്കുന്നുണ്ടു്. കിഴക്കൻകാററു് പടിഞ്ഞാറൻ കാററിന്റെ മേൽ ആധിപത്യം, ഇന്നല്ലെങ്കിൽ നാളെ, ചെലുത്തിക്കൂടായ്കയില്ല. അതേതായാലും ഇന്ത്യയടക്കമുള്ള പിൻനില രാജ്യങ്ങളിൽ ഇന്നു പരക്കെ കണ്ടുവരുന്ന വലതുപക്ഷപ്രവണതയുടെ മുഖ്യകാരണം റഷ്യൻ-ചൈനീസ് കമ്യൂണിസങ്ങൾ തമ്മിലുള്ള വടംവലിയാണെന്നതു് നിസ്തർക്കമത്രേ. കമ്യൂണിസത്തിലെ ഈ ഗൃഹസമരം ലോകത്തിലെങ്ങുമുള്ള

സോഷ്യലിസ്റ്റ് പ്രസ്ഥാനത്തെ ഉടയെടുത്ത് നിർവ്വീര്യമാക്കിയിരിക്കുന്നു. വിയററ്നാമിന്റെ യാതന, ഒരർത്ഥത്തിൽ ഈ ഗൃഹസമരത്തിന്റെ ഫലമാകുന്നു. അസുഖകരമായ ഒരു സമാധാനമാണിന്ന് ലോകത്തിൽ നിലവിലുള്ളതു്. മിക്ക രാജ്യങ്ങളും അവയുടെ മുതലെടുപ്പിൽ പാതിയോളം ആയുധസജ്ജീകരണത്തിന്നു ചിലവഴിക്കുന്നു. ഇതുനിമിത്തം വികസിതരാജ്യങ്ങൾ അവയുടെ മുതലെടുപ്പിന്റെ ഒരു ശതമാനം അവികസിതരാജ്യങ്ങൾക്ക് വികസനസഹായമായി നൽകണമെന്ന ഐക്യരാഷ്ട്രസഭയുടെ നിർദ്ദേശം ഇനിയും നടപ്പിലായിട്ടില്ല; നടപ്പിലാകുന്ന ലക്ഷണവുമില്ല. അതിനാൽ വികസിത രാജ്യങ്ങളും അവികസിത രാജ്യങ്ങളും തമ്മിലും, വെള്ളക്കാരും കറുത്തവരും തമ്മിലും, അമേരിക്കൻ-യൂറോപ്യൻ പ്രദേശങ്ങളും ആഫ്രോ ഏഷ്യൻ പ്രദേശങ്ങളും തമ്മിലും ഉള്ള വൈരുദ്ധ്യത്തിന്ന് മൂർച്ചയേറിവരുകയാണ്. 1965-ൽ അമേരിക്കയിൽ ഒരാളുടെ ശരാശരി വാർഷികവരുമാനം 3560 ഡോളറായിരുന്നു; സ്വീഡനിൽ 2500 ഡോളർ; കനഡയിൽ 2469 ഡോളർ; സ്വിററ്സർലണ്ടിൽ 2330 ഡോളർ; ഡെൻമാർക്കിൽ 2100 ഡോളർ; ഫ്രാൻസിൽ 1920 ഡോളർ; പടിഞ്ഞാറൻ ജർമ്മനിയിൽ 1900 ഡോളർ; നോർവ്വെയിൽ 1880 ഡോളർ; ബ്രിട്ടനിൽ 1810 ഡോളർ; ബെൽജിയത്തിൽ 1780 ഡോളർ; ഹോളണ്ടിൽ 1550 ഡോളർ; ആസ്ത്രിയയിൽ 1270 ഡോളർ; ഇററലിയിൽ 1100 ഡോളർ; അയർലണ്ടിൽ 1000 ഡോളർ; ജപ്പാനിൽ 850 ഡോളർ; ഇന്ത്യയിൽ 349 രൂപ (50 ഡോളറോളം)! 1986 ആവുമ്പോഴേയ്ക്കു് ഇന്ത്യക്കാരന്റെ ഏററവും താഴ്ന്ന വരുമാനം ആണ്ടിൽ 440 രൂപ (60 ഡോളറോളം) ആയി ഉയർത്തലാണ് നമ്മുടെ പദ്ധതികളുടെയെല്ലാം പരമലക്ഷ്യം! അമ്പതു ഡോളറിന്നും 3560 ഡോളറിന്നും വില തുല്യമാണെന്നു വരുത്തിത്തീർക്കാൻ മനുഷ്യസമത്വത്തെപ്പററിയുള്ള



ഏതു ധാരണയ്ക്കും കരുത്തില്ല. വികസിതരാജ്യങ്ങൾക്കും അവികസിത രാജ്യങ്ങൾക്കും ഇടയ്ക്കുള്ള ഈ ഭീമമായ വിടവു നികത്തുവാൻ ഏതു ആദർശവാദത്തിന്നും സാധ്യമല്ല. പൊളിററിക്കൽ ഡെമോക്രസിയുടെ വിജയത്തിന്ന് അനുപേക്ഷണീയമാണ് ഇക്കണോമിക്ക് ഡെമോക്രസി. അതില്ലാത്ത കാലത്തോളം ലോകരാഷ്ട്രങ്ങളുടെ സമത്വത്തെപ്പററി പറഞ്ഞിട്ടു യാതൊരു ഫലവുമില്ല ദരിദ്രർ ധനികന്നു കീഴ്പ്പെട്ടേ തീരൂ, ഏതു കാലത്തും.

നമ്മുടെ ജനതയുടെ ഭീകരമായ ദാരിദ്ര്യമാണ് ജീവിതത്തിൽ നാം കാണുന്ന പരമയാഥാർത്ഥ്യം. നമുക്കിതു പൈതൃകമായി ലഭിച്ചതാണ്; നാമിതു നമ്മുടെ സന്തതിപരമ്പരകൾക്ക് പൈതൃകമായി നൽകുന്നു. ഈ ദാരിദ്ര്യമെന്ന ശാപത്തോടാണ് നമുക്ക്, എഴുത്തുകാരെന്ന നിലയിൽക്കൂടി, ആദ്യമായി സമരം ചെയ്യാനുള്ളതു്. ദാരിദ്ര്യത്തിന്നു പലകാരണങ്ങളുമുണ്ടു്; പല ഫലങ്ങളുമുണ്ടു. പാകിസ്ഥാനും ചൈനയുമായുള്ള നമ്മുടെ അസുഖകരമായ ബന്ധങ്ങൾ നമ്മുടെ ഈയിടത്തെ ദാരിദ്ര്യത്തിന്റെ വർദ്ധനയ്ക്കു് ഒരു കാരണമാണ്. ആയുധസജ്ജതയ്ക്കു് നാം നൽകേണ്ടിവരുന്ന വില ശക്തിയേറിയ പണപ്പെരുപ്പമത്രമാകുന്നു. സാധാരണ ജനങ്ങൾ ഇനിയും വളരെയധികം മനസ്സിലാക്കിക്കഴിഞ്ഞിട്ടില്ലാത്തതാണ് ഈ വാസ്തവം. പ്രാഥമികമേഖലയായ കൃഷിയിൽ വേണ്ടവിധത്തിൽ വിഭവങ്ങൾ മുതലിറക്കാതെ ദ്വിതീയികമേഖലയായ വ്യവസായത്തിലും താർത്തീയിക മേഖലയായ കച്ചവടം, സേവനങ്ങൾമുതലായതിലും ആണ് നാം കൂടുതൽ മുതലിറക്കിയതു്. കൃഷിവർദ്ധനയിൽ ഊന്നിയപ്പോൾപ്പോലും, തരിശുനിലം കൃഷിയോഗ്യമാക്കുന്നതിലായിരുന്നു ശ്രദ്ധ. ഇതിനാൽ കന്നുകാലികൾക്കു് ഭക്ഷണം ലഭിക്കാതായി; കൃഷിതന്നെ വൈചിത്ര്യമററു് ശോഷിക്കുകയും ചെയ്തു. കുറച്ചു കൃഷിസ്ഥലത്തു് രാസവളവും മികച്ച വിത്തുകളും ജലസേചനവും യന്ത്രങ്ങളുമു

പയോഗിച്ച് കൂടുതൽ വിളവെടുത്ത് കൃഷിയെ വിപ്ലവാത്മകമായി മാററുക, കൃഷിയെ വ്യവസായവൽക്കരിക്കുക, ആയിരുന്നു ആവശ്യം; അല്ലാതെ അപരിഷ്കൃതമായ ചോററുകൃഷി (Subsistance Agriculture) കൂടുതൽപ്ര ദേശത്ത് പരത്തുകയായിരുന്നില്ല ഈ വസ്തുതയും നാം ഇനിയും വേണ്ടത്ര മനസ്സിലാക്കിയിട്ടില്ല.

ഇന്ത്യയിലെ വ്യവസായമേഖലയിൽ മൊണോപ്പൊളികളുടെ വളർച്ചയെപ്പററി ചില പഠനങ്ങളുണ്ടായിട്ടുണ്ട്. പണക്കാരൻ കൂടുതൽ പണക്കാരനാവുകയും ദരിദ്രൻ കൂടുതൽ ദരിദ്രനാവുകയും ചെയ്യുന്നതിനെപ്പററി നാം ധാരാളം സംസാരിക്കുന്നുണ്ട്. നമ്മുടെ നാട്ടുകാരിൽ മുപ്പതു ശതമാനത്തിന്നു മാസത്തിൽ 15 രൂപയിൽത്താഴെയേ വരവുള്ളു; പത്തു ശതമാനത്തിന്നു 10 രൂപയിൽത്താഴെയും. രാസവ്യവസായങ്ങളിൽ ശ്രദ്ധിക്കാതെ ലോഹവ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചതിന്റെ ഫലമായി കൃഷിയിലും വ്യവസായത്തിൽത്തന്നെയും സംഭവിച്ച മാന്ദ്യവും നമുക്ക് കുറെയൊക്കെ അറിയാം. എല്ലാ സർക്കാർ വ്യവസായങ്ങളിലെയും മിക്കവാറും എല്ലാ സ്വകാര്യവ്യവസായങ്ങളിലെയും ബ്യൂറോക്രാററിക്ക് മാനേജ്മെൻറ് എങ്ങിനെ അവയെ നഷ്ടത്തിൽ പര്യവസാനിപ്പിക്കുന്നു എന്നും നാമറിയാത്തതല്ല. നഷ്ടത്തിൽ ഒരു നിക്ഷിപ്ത താൽപര്യംതന്നെ നമ്മുടെ ബ്യൂറോക്രാററുകൾക്കുള്ളതായി തോന്നുന്നു. പൊതുവ്യവസായങ്ങളിലെ കാര്യക്ഷമതയില്ലായ്മ, ധൂർത്ത്, സ്വജനപക്ഷപാതം മുതലായവയെപ്പററിയും നാം ധാരാളം സംസാരിക്കാറുണ്ട്. സംസാരം എന്തൊക്കെയായാലും, ഒരുവശത്ത് മൊണൊപ്പൊളികളും മറുവശത്ത് പൊതുമേഖലയിലെയും സ്വകാര്യമേഖലയിലെയും കൊള്ളരുതായ്മകളും വർദ്ധിച്ചുതന്നെ വരുന്നു. ഈ കുഴപ്പങ്ങൾ പരിഹരിക്കാൻ ഒരു ശ്രമവും ഇന്നു നടക്കുന്നില്ല.

ജനവർദ്ധനയും ഭക്ഷ്യക്ഷാമവും, ഒന്നിനൊന്നു മത്സരിച്ച് മുന്നേറുകയാണ്. മൂന്നുദിവസത്തിൽ ഒരു ലക്ഷമെന്ന തോ



തിൽ ഇപ്പോൾ ഇന്ത്യയുടെ ജനസംഖ്യ പെരുത്തുവരുന്നതായി കണക്കാക്കപ്പെട്ടിരിക്കുന്നു. അതേസമയം, പതിനഞ്ച് വർഷം കൂടി കഴിയുമ്പോഴേക്ക് ലോകത്തിലൊരു രാജ്യത്തിനും ഭക്ഷ്യധാന്യങ്ങൾ മറെറാരു രാജ്യത്തേക്ക് കയററിയയക്കാൻ കഴിയാതായിത്തീരുമെന്ന് പറയപ്പെടുന്നു. പതിനഞ്ച് വർഷംകൊണ്ട് നമുക്ക് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരുമോ? കൈവന്നാൽത്തന്നെ നീതിപൂർവ്വമായ വിതരണത്തിന്ന് ഏർപ്പാടുണ്ടാവുമോ? നമ്മുടെ ജനസംഖ്യ ഇന്ന് അമ്പതുകോടിയിലേറെയാണ്. പതിനഞ്ച്വർഷം കഴിയുമ്പോഴേക്ക് ഇതു എഴുപത്തഞ്ചു കോടിയിലധികമാകാനാണ് സാദ്ധ്യത. കുടുംബാസൂത്രണ പരിപാടികൾ ഇവിടെ ഏറക്കുറെ പരാജയപ്പെട്ടിരിക്കുന്നു. ഈ പ്രശ്നത്തിന്റെ ഭീകരതയെക്കുറിച്ചും വേണ്ടത്ര ബോധം നമുക്കുണ്ടോ എന്നു സംശയമാണ്. ബോധമില്ലാത്തതിനാലാണല്ലോ ഈ രംഗത്ത് നാം കാര്യമായ പ്രവർത്തനമൊന്നും ചെയ്യാത്തത്.

ഇന്ത്യയെ സ്വാതന്ത്ര്യത്തിലേക്കു നയിക്കുകയും, സ്വാതന്ത്ര്യാനന്തര ദശകത്തിൽ ഇന്ത്യയെ ഏകീകരിക്കുകയും, പുരോഗതിയുടെ ഒരു മോഹനലക്ഷ്യം അതിന്റെ മുമ്പിൽ സമർപ്പിക്കുകയും, ലോകദൃഷ്ടിയിൽ ഒരു രാഷ്ട്രമെന്ന നിലയിൽ ഇന്ത്യയുടെ അന്തസ്സുയർത്തുകയും ചെയ്ത കോൺഗ്രസ്സ്പ്രസ്ഥാനം നമ്മുടെ കൺമുന്നിൽവെച്ച് തകർന്നുവീണുകൊണ്ടിരിക്കുകയാണ്. പ്രാദേശികങ്ങളും ഭാഷാപരങ്ങളും ജാതി-മത-ഗ്രൂപ്പ്-വ്യക്തി സംബന്ധങ്ങളും ആയ കലഹങ്ങൾ ശക്തിപ്പെട്ടുവരുന്നു. ഇന്ത്യയിൽനിന്നു വിട്ടുമാറി സ്വതന്ത്രസ്റ്റേററുകൾ സ്ഥാപിക്കാൻ ഉള്ള പ്രസ്ഥാനങ്ങൾ നമ്മുടെ അതിർത്തി പ്രദേശങ്ങളിൽ ബലപ്പെട്ടുവരികയാണ്. കേന്ദ്ര ഗവർമ്മേണ്ടിന്റെ ശക്തി കുറയുന്നതായും, സംസ്ഥാനങ്ങളുടെ സ്വാധീനം വർദ്ധിക്കുന്നതായും തോന്നുന്നു. ദേശീയവാദം എന്ന ഏകീകരണശക്തി ഏറക്കുറെ ഇന്ത്യയിൽനിന്നു തിരോഭവിച്ചിരിക്കുന്നു.

അതിൻെറ സ്ഥാനത്തു് കരുത്തുററ എന്തെങ്കിലും രാഷ്ട്രീയ–സാമ്പത്തിക–സാമൂഹ്യ ആദർശങ്ങൾ പ്രതിഷ്ഠനേടുന്നുമില്ല ഏകീകരണത്തിന്നു സഹായിക്കുന്ന ഇത്തരം ആദർശങ്ങളുടെ പ്രചാരണത്തിന്നും പ്രതിഷ്ഠാപനത്തിന്നും ഉപകരിയ്ക്കേണ്ട വിദ്യാഭ്യാസമാകട്ടെ തികച്ചും നിർജ്ജീവവും നിരുപയോഗവുമായിത്തീർന്നിരിക്കുന്നു. പഴയ ബ്രിട്ടീഷ് കൊളോണിയൽ വിദ്യാഭ്യാസത്തിൻെറ നിരർത്ഥകമായ അനുകരണം മാത്രമാണു് നമ്മുടെ ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായം എന്നെല്ലാവരും സമ്മതിയ്ക്കും. പക്ഷേ, അതൊന്നുടച്ചുവാർക്കാൻ, ഉല്പാദനവുമായി വിദ്യാഭ്യാസത്തെ നേരിട്ടു ബന്ധപ്പെടുത്താൻ, ചില ദേശീയലക്ഷ്യങ്ങളുടെ നക്ഷത്രങ്ങളോടു് അതിൻെറ വണ്ടി കൂട്ടിക്കെട്ടുവാൻ, ആരും ഇന്നേവരെ തയ്യാറല്ല. പറയാൻ പലരുമുണ്ടു്; ചെയ്യാൻ ആരുമില്ല. അതിനാൽ വിദ്യാർത്ഥികളും അധ്യാപകരും അസ്വസ്ഥരാണു്; പഴഞ്ചൻമട്ടിലുള്ള നിഷ്പ്രയോജനമായ പഠിപ്പുപോലും വിദ്യാലയങ്ങളിൽ ശരിക്കു നടക്കുന്നുമില്ല.

ഇത്തരം കാരണങ്ങളാൽ ഇന്ത്യയിൽ പരക്കെ നൈരാശ്യവും പുരോഗതിയിൽ അവിശ്വാസവും നന്മയോടു പുച്ഛവും പരന്നിരിക്കുന്നു. ഉടൻ പണക്കാരാവാൻ എന്തു സാഹസവും ആളുകൾ ചെയ്യും. ആ സാഹസത്തിൽ ആർ ജയിച്ചുവോ, അവന്നാണു് എല്ലാ പൂജയും. അഴിമതികൾക്കു പററിയ കളം അപര്യാപ്തങ്ങളായ നിയന്ത്രണങ്ങൾ ഒരുക്കിക്കൊടുത്തിരിയ്ക്കുന്നു. മദ്യവർജ്ജനവും, ചെക്കു്പോസ്ററുകളും, കോട്ടകളും, ലൈസൻസുകളും, പെർമിററുകളും, റേഷനിങ്ങും, ആസ്പത്രികളിലെ കിടയ്ക്കകളും, സ്കൂളുകളിലെ ബഞ്ചുകളും, ആപ്പീസ്സുകളിലെ കസേരകളും എല്ലാം അഴിമതിയുടെ സ്രോതസ്സുകളാണു്. കറുത്ത പണം ഒരിയ്ക്കൽ പിറന്നുകഴിഞ്ഞാൽ പിന്നെ ഒരിക്കലും നിറം മാറുന്നില്ല. കറുത്ത മനുഷ്യരേപ്പോലെ തന്നെ കറുത്ത പണവും നോക്കിക്കൊണ്ടിരിക്കേ പെററുപെ





രുകുന്നു. അല്പം ബ്ലാക്കു് കൂടാതെ ആർക്കും ജീവിക്കുക വിഷമമെന്നു വന്നിരിക്കുന്നു.

## ആരാണു് എഴുത്തുകാർ?

ഈ പരിതസ്ഥിതി നമ്മുടെ എഴുത്തുകാരെ എങ്ങിനെ ബാധിക്കുന്നു? അതിന്നുത്തരം പറയുംമുമ്പു്, ആരാണു് നമ്മുടെ എഴുത്തുകാർ എന്നുകൂടി അന്വേഷിക്കേണ്ടതുണ്ടു്. എഴുത്തുകാർ—ഞാനും നിങ്ങളും—താണ ഇടത്തരക്കാരാണു്; ഭൂരിഭാഗവും, അവരിൽ പലർക്കും ഉന്നതവിദ്യാഭ്യാസത്തിന്നു സൌകര്യം ലഭിച്ചിട്ടില്ല. വായിക്കാനും സ്വയം പഠിയ്ക്കാനുമുള്ള ഏർപ്പാടുകൾ നമ്മുടെ നാട്ടിൽ ഇല്ലെന്നുതന്നെ പറയാം. തിരുവനന്തപുരം നഗരത്തിലൊഴികെ കേരളത്തിൽ മറെറാരിടത്തിലും ഒന്നാംതരമൊരു പൊതുജനഗ്രന്ഥാലയമില്ല. നമ്മുടെ സർവ്വകലാശാല ഒരു തരത്തിലുള്ള എക്സ്റ്റെൻഷൻ പ്രവർത്തനത്തിലും വിശ്വസിക്കുന്നില്ല. എഴുത്തു് സ്ഥിരം തൊഴിലാക്കിയവർ നമ്മുടെ നാട്ടിൽ, വിരലിലെണ്ണാവുന്നവർ മാത്രമാണു്. എഴുത്തിൽനിന്നു മാത്രമുള്ള വരുമാനംകൊണ്ടു ജീവിയ്ക്കുന്നവർ ഇന്നു് ഇല്ലെന്നുതന്നെ പറയാം.

മലയാളത്തിൽ ഇന്നു് ആകെ എത്ര എഴുത്തുകാരുണ്ടു്? കൃത്യം പറഞ്ഞുകൂടാ. എന്നാലും ആയിരത്തോളം പേരുണ്ടാവും എഴുത്തുകാരാണു് തങ്ങളെന്നു സ്വയം വിശ്വസിയ്ക്കുന്നവർ. ഇവരിൽ, അപൂർവ്വം ചില അപവാദങ്ങളൊഴിച്ചാൽ മറെറല്ലാവരും എഴുത്തല്ലാത്ത എന്തെങ്കിലും ഒരു തൊഴിൽ കൊണ്ടുപജീവിയ്ക്കുന്നവരാണു്. പലരും സർക്കാർ സർവ്വീസ്സിലുള്ളവരാകുന്നു തുറന്ന ചിന്തനം ഇവരെസ്സംബന്ധിച്ചിടത്തോളം ആപൽക്കരമത്രേ. സ്വകാര്യസർവ്വീസ്സുകളിലുള്ളവർക്കുമുണ്ടു് എത്രയോ പാരതന്ത്ര്യങ്ങൾ. പ്രശസ്തിയ്ക്കുവേണ്ടിയാണു് നമ്മുടെ എഴുത്തുകാരിൽ പലരും എഴുതുന്നതു്. അപൂർവ്വം ചിലർ പണത്തിന്നു വേണ്ടിയും ഇതല്ലാതെ, ആന്തരവും

അദമ്യവുമായ ഒരു പ്രചോദനംകൊണ്ട് ആത്മാവിഷ്കരണത്തിനുള്ള ഒരു മീഡിയമായി എഴുത്ത് സ്വീകരിച്ചവർ നമ്മുടെ നാട്ടിൽ വളരെ വളരെ അപൂർവ്വമാകുന്നു. സമുദായത്തിന്റെ വളരെ ഉയർന്ന പടികളിലോ വളരെ താഴ്ന്ന പടികളിലോ നില്ക്കുന്ന എഴുത്തുകാർ നമുക്കില്ല. സ്ത്രീ ശൂദ്ര പതിതന്മാർ നമ്മുടെ സാഹിത്യത്തെ കാര്യമായൊന്നും തീണ്ടിയിട്ടില്ല!

മൌലികമായ വൈജ്ഞാനികസാഹിത്യം നമ്മുടെ ഭാഷയിലുണ്ടായിട്ടില്ല. വൻതോതിൽ പണം ചെലവഴിച്ച് സർക്കാർ മലയാളത്തിൽ നിർമ്മിപ്പിക്കുന്നത് ഒരു നിഘണ്ടുവും ഒരു സർവ്വവിജ്ഞാനകോശവും ആണ്. നിഘണ്ടുവിന്റെ ഒരു വാല്യം ഇതിനകം പുറത്തുവന്നത് ചുരുക്കം ആളുകളെ കണ്ടിരിക്കൂ. സർവ്വവിജ്ഞാനകോശത്തിന്റെ വാല്യം പുറത്തുവരുന്നതു കാണാൻ എത്ര പേർക്ക് ഭാഗ്യമുണ്ടാകുമെന്നറിഞ്ഞുകൂട. നമ്മുടെ വിദ്യാഭ്യാസ–സാമൂഹ്യ മണ്ഡലങ്ങളിൽ ഇന്നും ഇംഗ്ലീഷിന്റെ ആധിപത്യമാണ്. ഏതു സർക്കാരാപ്പീസ്സിൽ പോയാലും മലയാളം സംസാരിക്കുന്നവൻ മോശക്കാരനായേ ഗണിക്കപ്പെടൂ.

ഇംഗ്ലീഷാണ് ഇന്നും ആഭിജാത്യത്തിന്റെ ഭാഷ. നമ്മുടെ പത്രങ്ങളെല്ലാം യഥാർത്ഥത്തിൽ ഇംഗ്ലീഷിൽനിന്നുള്ള തർജ്ജമകളാണ്. റേഡിയോവിന്റെ കഥയും അതുതന്നെ. ഇതൊക്കെക്കാരണം നിസർഗ്ഗജമായ ചിന്തയ്ക്കും സഹജമായ ആവിഷ്കരണത്തിനും നമ്മുടെ ഭാഷയിലോ സാഹിത്യത്തിലോ ഇന്ന് വലിയ സ്ഥാനമൊന്നുമില്ല. അതിസങ്കുചിതമായ ഒരു ചുററുവട്ടത്തിനുള്ളിലാണ് നമ്മുടെ എഴുത്തുകാരും സാഹിത്യവും പുലരുന്നത്. മലയാളത്തിൽ ലഭ്യമായ തർജ്ജമകളിൽത്തന്നെ ലോകചിന്താചരിത്രത്തിൽ നാഴികക്കല്ലുകളായി നിലകൊള്ളുന്ന പുസ്തകങ്ങൾ മിക്കവയും ഉൾപ്പെടുന്നില്ല. പലതും മൂന്നാംകിട വിവർത്തനങ്ങളുടെ നാലാംകിട വിവർത്ത



നങ്ങളാണ്. ഇംഗ്ലീഷിൽക്കൂടെ കടന്നുവേണം വിശ്വസാഹിത്യത്തിന്നു മലയാളത്തിൽ വരാൻ. വിവേകപൂർണ്ണമായ വിവർത്തനത്തിന്ന് ഒരു സംഘടിതപരിശ്രമം മലയാളത്തിലുണ്ടായിട്ടില്ല. മുമ്പ് സംസ്കൃതഭാഷയിൽനിന്നുള്ള വിവർത്തനങ്ങളുമായി മലയാളികൾ ഏറെക്കുറെ പരിചയപ്പെട്ടിരുന്നു. ഇന്നാകട്ടെ ഈ പരിചയവും നമുക്ക് മിക്കവാറും നഷ്ടപ്പെട്ടിരിക്കയാണ്. മററ് ഇന്ത്യൻ ഭാഷകളുടെ കാര്യം പറയാനുമില്ല. ഹിന്ദിയുമായി മാത്രമേ നമുക്കു മുഖപരിചയമുള്ളു. ലോകചിന്താസ്രോതസ്സുമായി ബന്ധമററ്, അത്യന്ത സീമിതമായ ഒരു പരിവേശത്തിൽ കുടുങ്ങിക്കിടന്ന് നമ്മുടെ സർഗ്ഗാത്മക പ്രതിഭ മുരടിച്ചുപോവുകയാണ്. മൌലികചിന്തനം എന്ന പേരിൽ നാം കൊണ്ടാടുന്നതു് പലപ്പോഴും പാശ്ചാത്യദേശങ്ങളിൽ മുപ്പതോ നാല്പതോ കൊല്ലം മുമ്പ് ഫാഷനായിരുന്ന ശിഥില ചിന്തനങ്ങളേയാണ്.

മൌലികചിന്തനത്തിന്റെ അഭാവമാണ് നമ്മുടെ സാഹിത്യ സംഘടനകളെ ഏറെക്കുറെ നിഷ്പ്രയോജനങ്ങളാക്കിത്തീർക്കുന്നത്. പ്രശ്നങ്ങളെപ്പററി ചർച്ചചെയ്യുന്നതിന്നുപകരം വ്യക്തികളെ ആക്ഷേപിക്കുവാനോ, നിരർത്ഥകങ്ങളായ ലോഗ്യംപറച്ചിലുകൾക്കോ, ആണ് അവ ഉപകരിക്കുന്നതു്; ചിലപ്പോളൊക്കെ മന്ത്രിമാരേയും ഉദ്യോഗസ്ഥന്മാരേയും എഴുന്നള്ളിച്ചിരുത്തി, അവരിൽനിന്ന് പ്രതിഫലിക്കുന്ന കൃത്രിമപ്രകാശത്തിൽ മൂന്നാംകിടക്കാർക്ക് നീന്തിക്കളിക്കാനും. ചിന്തയുടെ സ്ഫുലിംഗങ്ങളോ യുക്തിയുടെ വീചികളോ നമ്മുടെ സാഹിത്യസമ്മേളനങ്ങളിൽ വിരളമായേ ഉയരാറുള്ളു.

നമ്മുടെ നാട്ടിലെ പുസ്തകവ്യവസായത്തിന്റെ ഭൂരിഭാഗവും പാഠപുസ്തകങ്ങളോടോ ലൈബ്രറിപുസ്തകങ്ങളോടോ ബന്ധപ്പെട്ടതാണ്. മറെറാരുവിധത്തിലും തങ്ങൾക്ക് അനുഗ്രഹിക്കാൻ കഴിയാത്ത വ്യക്തികൾക്കു പാരിതോഷികം

കൊടുക്കാൻ അധികൃതന്മാർ കയ്യടക്കിവെച്ചിരിക്കുന്ന രണ്ടു മേഖലകളാണുതാനും: പാഠപുസ്തകങ്ങളും ലൈബ്രറിപുസ്തകങ്ങളും; പ്രത്യേകിച്ച് സ്കൂളുകളിലും കോളേജുകളിലുമുള്ള ലൈബ്രറികളിലെ പുസ്തകങ്ങൾ. മലയാളത്തിൽ മൂന്നാംകിടയും നാലാംകിടയും സാഹിത്യം നിലനിന്നുപോരുന്നതു് ഈ രണ്ടു മേഖലകളേയും ആശ്രയിച്ചാണു്;

മലയാളത്തിൽ ആധികാരികഗ്രന്ഥങ്ങൾ തർജ്ജമകളായിപ്പോലും, കുറവാണു്. എഴുത്തുകാർക്കുവേണ്ടിയുള്ള പുസ്തകങ്ങൾ—ക്യാപ്പിററൽ ബുക്ക്സ്—ഇല്ലെന്നുതന്നെ പറയാം. ഉള്ളതു് വായനക്കാർക്കുവേണ്ടിയുള്ള പുസ്തകങ്ങൾ—കൺസംപ്ഷൻ ബുക്ക്സ്—മാത്രമാണു്. ആദ്യദശയിൽ മാത്രമേ എഴുത്തുകാർക്കിവകൊണ്ടെന്തെങ്കിലും പ്രയോജനമുള്ളു. ഇംഗ്ലീഷിലുള്ള ആധികാരിക ഗ്രന്ഥങ്ങൾക്കു്, രൂപയുടെ അവമൂല്യനത്തിനുശേഷം, വില വളരെ കൂടുതലാണു്; നാല്പത്തഞ്ചും അമ്പതും രൂപവരും മുന്നൂറുപേജുള്ള ഒരു സാധാരണ പുസ്തകത്തിന്നു്, പേപ്പർബാക്കുകൾക്കുതന്നെ വില ഏഴും എട്ടും രൂപയായിട്ടുണ്ടു്. നമ്മുടെ വായനസ്സൌകര്യം ഇതുമൂലം അമ്പേ വററിപ്പോയിരിക്കുന്നു.

## ആധുനിക ചിന്താഗതികൾ

തുടരെത്തുടരെ രണ്ടു മഹായുദ്ധങ്ങളും, അവയ്ക്കുശേഷമുണ്ടായ അമിതമായ സമ്പന്നതയും, പശ്ചിമയൂറോപ്പിലെയും വടക്കെ അമേരിക്കയിലേയും ബുദ്ധിജീവിവർഗ്ഗത്തിൽ അസാധാരണമായ ഒരു മാനസികാവസ്ഥ സൃഷ്ടിച്ചിട്ടുണ്ടു്. നാളെ എന്തു സംഭവിക്കുമെന്നറിഞ്ഞുകൂടാ; പക്ഷേ ഇന്നു സുഖമാണു്. അതിനാൽ ഇരിക്കുമ്പോൾ കുടിക്കുക! ലോകവ്യവസ്ഥിതി മാറേറണ്ടതാണു്; പക്ഷേ അതിന്നുള്ള കഴിവു് വ്യക്തിക്കില്ല. അതിനാൽ സ്വന്തം വിധിയെപ്പററിയുള്ള തീരുമാനത്തിലൂടെ ലോകത്തിന്റെ വിധിയെപ്പററി തീരുമാനം എടുത്തതായി



നടിക്കുക! സുഖഭോഗങ്ങളിൽ നിസ്സംഗനായിക്കിടന്നുരുളുക! കറുപ്പോ തത്തുല്യമായ മാദകദ്രവ്യങ്ങളോ കഴിച്ചു്, ഗിട്ടാറുകൾ മീട്ടിപ്പാടി, തലമുടി നീട്ടി, നിസ്സ്വരായി, ചിലപ്പോൾ ധ്യാനിച്ചും മററുചിലപ്പോൾ ന്യൂയോർക്കിലെ തെരുവുകളിൽ ഭജനഗാനങ്ങൾ പാടിയും, വേറെ ചിലപ്പോൾ അതിരുകവിഞ്ഞ സ്പീഡിൽ കാറോടിച്ചും, നിഷിദ്ധങ്ങളെന്നുവെച്ചിട്ടുള്ള എല്ലാ രതിവൈകൃതങ്ങളും പരസ്യമായി പ്രദർശിപ്പിച്ചും, അവയെപ്പററി എഴുതിയും, എല്ലാ വ്യവസ്ഥിതികളേയും വ്യക്തിപരമായി വെല്ലുവിളിക്കുക! കഴവേറികളെ സിദ്ധന്മാരും സിദ്ധന്മാരെ കഴവേറികളുമായി ചിത്രീകരിക്കുക! സ്വയം കഴവേറിസിദ്ധത്വം നേടുക!

ഇങ്ങിനെ ഋജുവായി വിവരിക്കുന്നതു് ഒരിക്കലും നീതീകരിക്കാനാവാത്ത, അതിസങ്കീർണ്ണമായ ആധുനിക മാനസികകാലാവസ്ഥ യൂറോപ്യൻ-അമേരിക്കൻ സാഹിത്യങ്ങളേയും സംഗീതത്തേയും ചിത്രകലയേയും, വാസ്തുശില്പത്തേയും തത്വദർശനത്തേയും ആകെ വിപ്ലവാത്മകമായി നവീകരിച്ചിട്ടുണ്ടു്. സ്ഥിതസ്ഥാപകങ്ങളായ സോവിയററ് സാഹിത്യ-സംഗീത-ചിത്ര-വാസ്തുശില്പങ്ങളിൽക്കൂടി ഈ പരിവർത്തനം കൊടുങ്കാററുകൾ സൃഷ്ടിച്ചുകഴിഞ്ഞിരിക്കുന്നു. കേവല (ആബ്സ്ട്രാക്ടു്) കല, എക്സിസ്റ്റെൻഷ്യലിസ്റ്റ് ദർശനം, അബ്സേർഡ് നാടകവേദി, ബീററ്നിക് സാഹിത്യം—ഇവയൊക്കെ നമുക്കും കുറേശ്ശെ പരിചിതമായിക്കഴിഞ്ഞിട്ടുണ്ടു്. പക്ഷെ ഇവയുടെ ആന്തരമായ പ്രസക്തിയെപ്പററിയോ, അവക്കു് ജന്മം നൽകിയ സാംസ്കാരികകാലാവസ്ഥയെപ്പററിയോ ബോധമില്ലാതെ നാം അവയുടെ അതിബാഹ്യങ്ങളായ സവിശേഷതകൾ അർത്ഥശൂന്യമായി അനുകരിക്കുകയും ആവശ്യം മനസ്സിലാക്കാതെ ആവർത്തിക്കുകയുമാണു് ചെയ്യുന്നതു്. ആന്തരമായ ഒരു സമ്മർദ്ദമില്ലാതെ വരുത്തുന്ന പുതുമകൾ ഫോർമലിസം മാത്രമേ ആവുകയുള്ളു. അരവയർ കഞ്ഞിയും കപ്പയും കഴിച്ചു്

ചാണകംമെഴുകിയ നിലത്തു പടിഞ്ഞിരുന്ന് സമ്പന്നസമുദായത്തിന്റെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിലർത്ഥമില്ല പക്ഷേ മഹാനഗരത്തിലെ വ്യക്തിയുടെ ഏകാകിതയെപ്പററിയും, സഹസ്രാബ്ദസഞ്ചിതമായ വിജ്ഞാനസമ്പത്തിന്റെ ബന്ധകാരിയായ ഭാരത്തെപ്പററിയും, കല്ലായി റോഡിന്റെ ബോധധാരാപ്രവാഹത്തെപ്പററിയും നാം പ്രസ്താവിച്ചുതുടങ്ങിയിട്ടുണ്ട്. ഹിന്ദി, ബംഗാളി മുതലായ ഏതാനും ചില ഭാഷകളിലെങ്കിലും ഇത്തരം "ആധുനികത" സാഹിത്യത്തിൽ, രൂപപക്ഷത്തിലും, ഭാവപക്ഷത്തിലും, വേരൂന്നിക്കഴിഞ്ഞിരിക്കുന്നു. അകവിതയും അകഥയും ആൻറിഹീറോവും മററും അവിടെ ഫാഷനായിട്ട് വർഷങ്ങളായി. മലയാളം ഭാഗ്യത്തിന്നോ നിർഭാഗ്യത്തിന്നോ, ഈ വിഷയത്തിൽ ഇന്നും പുറകിലാണ്.

നമ്മുടെ ജീവിതം അതിത്വരിതമായി മാറിക്കൊണ്ടിരിക്കുകയാണ്. ശതാബ്ദങ്ങളായി ഭാരതീയസമുദായത്തിന്റെ കാൽച്ചുവട്ടിൽക്കിടന്നിരുന്ന മണ്ണ് ഇപ്പോൾ അതിവേഗത്തിൽ ഒലിച്ചുപോയിക്കൊണ്ടിരിക്കുന്നു എങ്കിലും ഈ മാററം ബോധപൂർവ്വമല്ല; നമുക്കതിൽ പങ്കുമില്ല. നാം ഈ ഒഴുക്കിലെ വയ്ക്കോൽക്കൊടികൾ മാത്രം. ആശയേക്കാളേറെ നിരാശ, പൂർത്തീകരണത്തേക്കാളേറെ വൈയർത്ഥ്യം, ആവേശത്തേക്കാളേറെ മടുപ്പ്, സുഖത്തേക്കാളേറെ ദുഃഖം— ഇതാണ് നമ്മുടെ അനുഭവം. നമ്മുടെ സാമ്പത്തികഘടന, സർക്കാർ, സമുദായഘടന —ഇതൊക്കെ ഇന്നത്തെ പ്രശ്നങ്ങളെ നേരിടാൻ അപര്യാപ്തങ്ങളാണെന്നു നാം കാണുന്നു. സർക്കാർ ഭരിക്കുന്നില്ല. ജാതികളും മതങ്ങളും ഗ്രൂപ്പുകളും നമുക്ക് സുരക്ഷാബോധമോ ആശ്വാസമോ മനശ്ശാന്തിയോ ശുഭപ്രതീക്ഷയോ നൽകാൻ ശക്തങ്ങളല്ലാതെ വന്നിരിക്കുന്നു. സാമ്പത്തികഘടന പട്ടിണിതീർക്കാൻ പര്യാപ്തമല്ല. ചുററുമുള്ള കള്ളത്തങ്ങളും കപടനാട്യങ്ങളും കണ്ട് നമുക്ക് വെറുത്തിരിക്കുന്നു.



ഈ മുഖമൂടികൾ നാം വലിച്ചെറിഞ്ഞേ തീരൂ. ജീവിതത്തെ അതിന്റെ പൂർണ്ണനഗ്നതയിൽ, എല്ലാ സൌന്ദര്യത്തോടും വൈരൂപ്യത്തോടുംകൂടെ, നമുക്ക് നേരിട്ടുകാണണം. സത്യത്തെ അതിന്റെ പൂർണ്ണമായ പാരുഷ്യത്തോടെ നമുക്ക് വിളിച്ചുപറയണം. സൌന്ദര്യം മിഥ്യയെങ്കിൽ, വൈരൂപ്യമാണ് വാസ്തവമെങ്കിൽ, നമുക്കതു് തുറന്നു പ്രഖ്യാപിക്കണം. ഈശ്വരൻ മരിച്ചുവെങ്കിൽ, ജീവിക്കുന്നതു് ചെകുത്താനാണെങ്കിൽ, നാമതു് മറച്ചുവെച്ചിട്ടെന്തു കാര്യം? വിട്ടുവീഴ്ചയില്ലാത്ത ഒരന്വേഷണത്തിന്ന് നാം തയ്യാറായേ മതിയാവൂ. പഴയ സാഹിത്യമാതൃകകൾ ഈ പുതിയ ജീവിതത്തിന്റെ പഠനത്തിന്നും ആവിഷ്ക്കരണത്തിന്നും പുനസ്സംവിധാനത്തിന്നും പര്യാപ്തങ്ങളല്ലെങ്കിൽ നമുക്ക് അവയെ ഉപേക്ഷിക്കുക. പഴയതോ പ്രതിഷ്ഠിതമോ ആണെന്നുവച്ച് ഒന്നും പരിശുദ്ധമോ സാർവ്വകാലികമോ അല്ല. നമ്മുടെ മാർഗ്ഗം നാം സ്വയം കണ്ടുപിടിക്കുക. ഒന്നുമാത്രം: നമുക്ക് സത്യസന്ധരാവുക. വിട്ടുവീഴ്ചയില്ലാതെ, നിർദ്ദയമായി, നിരപേക്ഷമായി, കേവലസത്യത്തിന്റെ അന്വേഷണത്തിൽ നമുക്ക് സ്വയം പുനസ്സമർപ്പണം ചെയ്യുക. ആത്മാർത്ഥമായി വിശ്വസിക്കുന്നതുമാത്രം നാം പ്രഖ്യാപിക്കുക. നമുക്ക് ചോദ്യങ്ങൾ ചോദിക്കുക. ചോദ്യങ്ങളുടെ കാര്യത്തിൽ നമുക്ക് യോജിക്കുക. ഉത്തരങ്ങളുടെ കാര്യത്തിൽ എഴുത്തുകാരെന്ന നിലയിൽ, നാം യോജിക്കേണ്ടതില്ല.

കുറെക്കാലം മുമ്പ് ഭാരതീയ സാഹിത്യങ്ങളിലെല്ലാം അഗാധങ്ങളും ആരോഗ്യകരങ്ങളുമായ പ്രതികരണങ്ങൾ സൃഷ്ടിച്ച പുരോഗമനസാഹിത്യപ്രസ്ഥാനത്തിന്റെ പരാജയത്തിനുള്ള കാരണം കണ്ടെത്തേണ്ടതു് ഈ മൌലികമായ വസ്തുതയ്ക്ക് ആ പ്രസ്ഥാനം അംഗീകാരം നൽകാതിരുന്നതിലാണെന്ന് എനിക്കു തോന്നുന്നു. ചോദ്യങ്ങൾക്ക് ഒരേതരം ഉത്തരം നൽകാത്തവരെ ശത്രുക്കളായി കണക്കാക്കാനുള്ള ഒരു

പ്രവണത ആ പ്രസ്ഥാനത്തിന്നകത്ത് വളൎന്നുവരികയുണ്ടായി. ഉത്തരത്തിന്റെ ഐകരൂപ്യം സാഹിത്യത്തെ വിരസവും, അതിനാൽത്തന്നെ നിഷ്പ്രയോജനവും ആക്കുകയേ ഉള്ളൂ. നമ്മുടെ സാഹിത്യത്തിന്റെ ഇന്നത്തെ ശാപംതന്നെ ഇത്തരമൊരേകരൂപതയാകുന്നു. പാശ്ചാത്യസഭ്യതയുടെ കുപ്പത്തൊട്ടികളിൽനിന്നു പെറുക്കിയെടുത്ത നിറപ്പകിട്ടും ആകൃതിവൈചിത്ര്യവുമുള്ള ഏതാനും ഒഴിഞ്ഞ കുപ്പികൾകൊണ്ട് കളിക്കുകയാണ്, ചിന്തയുടെ മണ്ഡലത്തിൽ, നാമിന്നു ചെയ്യുന്നത്. ഈ ശൂന്യതയുടെ ഐകരൂപ്യത്തിന്റെ സ്ഥാനത്ത് രാഷ്ട്രീയാദൎശസംഹിതയുടെതായ മറെറാരു ഐകരൂപ്യം പ്രതിഷ്ഠിച്ചിട്ട് ഒരു മോക്ഷവും കിട്ടാനില്ല.

നമുക്കു ചോദ്യങ്ങൾ ചോദിക്കുക. ഉത്തരം കണ്ടെത്താൻ ഭാഗ്യം സിദ്ധിക്കുന്നവർ, ആ ഉത്തരത്തിന്നനുസരിച്ച് സ്വന്തം ആചരണത്തെ രൂപപ്പെടുത്താൻ തയ്യാറുള്ളവർ, അതു പ്രഖ്യാപിക്കട്ടെ; നിസ്സങ്കോചം പ്രഖ്യാപിക്കട്ടെ. എന്നാൽ അത്രളുജുവായ ഉത്തരമൊന്നും ഈ സങ്കീൎണ്ണപ്രശ്നങ്ങൾക്കില്ലെന്നാണ് ഇന്നത്തെ ഭൂരിപക്ഷം എഴുത്തുകാരും കരുതുന്നത്. ആ സ്ഥിതിയ്ക്ക് നമുക്ക് ഉറക്കെ ചോദ്യങ്ങൾ ചോദിയ്ക്കുക. നാം ചോദ്യങ്ങളെ ശ്രദ്ധിക്കുക; ഉത്തരങ്ങൾ സ്വയം ശ്രദ്ധിച്ചുകൊള്ളും.

ചോദ്യം ചോദിയ്ക്കാനുള്ള ധൈര്യം, അവയുടെ പിന്നാലെ ഏതററംവരെയും പോകാനുള്ള കൂസലില്ലായ്മ, നമ്മുടെ എഴുത്തുകാരിൽ ചിലരിലെങ്കിലും ഉണൎത്തിവിടാൻ കഴിഞ്ഞാൽ ഈ ചൎച്ച ഫലപ്രദമായെന്നു ഞങ്ങൾ കരുതും.